LIBRARY ARCHIVES Kerala Legislative Assembly

മലിനീകരണവും പകർച്ചവ്യാധികളും

*15 [397] *ശ്രീ. പി. ടി. തോമസ്:*
,, *എം. എ. ചന്ദ്രശേഖരൻ:*
,, *വി. ഡി. സതീശൻ:*
,, *ജി. കാർത്തികേയൻ:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസരമലിനീകരണവും, ഡെങ്കിപ്പനി, മലമ്പനി, മഞ്ഞപ്പിത്തം എന്നിവ ഉണ്ടാകുന്നതിനും പടർന്നുപിടിക്കുന്നതിനും പരിസരമലിനീകരണത്തിനും ഡെങ്കിപ്പനി വർദ്ധനവിനുമുള്ള പങ്കെന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) എലിപ്പനി, മലമ്പനി, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം എന്നിവ ഉണ്ടാകുന്നതിനും പടർന്നുപിടിക്കുന്നതിനും പരിസരമലിനീകരണത്തിനും ഡെങ്കിപ്പനി വർദ്ധനവിനുമുള്ള പങ്കെന്ത് എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള തോതിൽ പരിസരമലിനീകരണവും ഡെങ്കിപ്പനി വർദ്ധനവും ഉണ്ടാകുകയാണെങ്കിൽ പ്ലേഗ് പോലുള്ള മഹാമാരികളുണ്ടാകാനുള്ള സാദ്ധ്യതയുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) സംസ്ഥാനത്തെ പരിസരമലിനീകരണവും ഡെങ്കിപ്പനി വർദ്ധനവും പൊതുജനാരോഗ്യത്തെ ദോഷകരമാംവിധം ബാധിക്കുന്നതാണ്. ശ്വാസകോശ രോഗങ്ങളും, പകർച്ചവ്യാധികളും എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയവയും ഉണ്ടാകാനിടയുണ്ട്. കുട്ടികൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും വയറിളക്കം, കോളറ തുടങ്ങിയ രോഗങ്ങളും ഉണ്ടാവാനിടയുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. തെരുവു നായ്ക്കളുടെ ശല്യം പരിസരമലിനീകരണംമൂലം വർദ്ധിക്കാനുള്ള സാദ്ധ്യതയുണ്ട്. ഈച്ച, കൊതുക്, മറ്റ് കീടങ്ങൾ എന്നിവയും ക്രമാതീതമാംവണ്ണം വർദ്ധിക്കുകയും തദ്വാരാ രോഗങ്ങൾ വർദ്ധിക്കാനും ഇടയുണ്ട്.

(ബി) പരിസരമലിനീകരണവും ഡെങ്കിപ്പനി വർദ്ധനവും എലികൾക്ക് വളരാൻ സാഹചര്യമൊരുക്കുന്നു. പ്ലാസ്റ്റിക് കപ്പ്, ചിരട്ട, കുപ്പി, പൊട്ടിയ പാത്രക്ഷീണങ്ങൾ മുതലായവയിൽ വെള്ളം കെട്ടിനിന്ന് കൊതുക് പെരുകുവാനും അതുവഴി മലമ്പനി, ഡെങ്കിപ്പനി എന്നീ രോഗങ്ങൾ ഉണ്ടാകുവാനുമുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നു. കുടിവെള്ള സ്രോതസ്സുകളെ മലിനപ്പെടുത്തുന്നതുമൂലവും ഈച്ച തുടങ്ങിയ ക്ഷുദ്രജീവികൾ വഴിയും ആഹാരപദാർത്ഥങ്ങളിലൂടെ മഞ്ഞപ്പിത്തം പടരാനുള്ള സാഹചര്യം ഉണ്ടാകുന്നു.

(സി) പ്ലേഗ് ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. എന്നാൽ മറ്റു മഹാമാരികൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട്.